**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

നം.കെ.എസ്.എ-ഐ.ഡി.കെ-11/1084/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
ഇ-മെയിൽ : doidk.ksad@kerala.gov.in
തീയതി.03.01.2020

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ്**

കൊന്നത്തടി ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം:- **കൊന്നത്തടി ഗ്രാമപഞ്ചായത്ത് - 2018-19** സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം 1, 3** എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

**പകർപ്പ് :**

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,ഇടുക്കി, തൊടുപുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എെ.ഡി.കെ-11/1084/2019 തീയതി:03.01.2020

**ഇടുക്കി ജില്ലയിലെ കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2018-19**

**സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ഇടുക്കി ജില്ലയിലെ **കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 14-01-2019 മുതൽ 18-11-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ** | ശ്രീമതി.ബേബി സന്ധ്യ, ഡെപ്യൂട്ടി ഡയറക്ടർ | |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 19-11-2019 മുതൽ 26-11-2019 വരെ | |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീ.എം.റ്റി.സോമൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.റ്റി.എസ് ധനജയൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.കെ.അഭിലാഷ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ബെന്നി മാത്യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീ.ജോർജ്ജ് ജോസഫ് | 01-04-2018 മുതൽ 31-03-2019വരെ |

| | | |
|---|---|---|
| **സെക്രട്ടറി** | ശ്രീ.കെ.സന്തോഷ് | 01-04-2018 മുതൽ 18-08-2018 വരെ |
| | ശ്രീമതി.റ്റി.വി.ശ്രീകുമാരി<br>**(അസി.സെക്രട്ടറി അധികചുമതല)** | 19-08-2018 മുതൽ 30-08-2018 വരെ |
| | ശ്രീ.എ.വി അജികുമാർ | 31-08-2018 മുതൽ 31-03-2019വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
|---|---|---|
| **മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)** | ഡോ.ദീപുകൃഷ്ണ | 01-04-2018 മുതൽ 31-03-2019 വരെ |
| **മെഡിക്കൽ ഓഫീസർ(ഹോമിയോ)** | ഡോ.ബി.ശ്രീനാഥ് | 01-04-2018 മുതൽ 27-11-2018 വരെ |
| | ഡോ.കെ.ആർ. പ്രദീപ് | 28-11-2018 മുതൽ 10-12-2018 വരെ |
| | ഡോ.ബി.ഇന്ദുമോൾ | 11-12-2018 മുതൽ 31-03-2019 വരെ |
| **ഹെഡ് മാസ്റ്റർ(ജി.യു.പി.എസ്)** | ശ്രീമതി.കെ.ജി.സ്മിത | 01-04-2018 മുതൽ 31-03-2019 വരെ |
| **അസി.എഞ്ചിനിയർ** | ശ്രീമതി.ഷെറിൻ ആൻഡ്രൂസ് | 01-04-2018 മുതൽ 31-03-2019 വരെ |
| **അസി.സെക്രട്ടറി** | ശ്രീമതി.റ്റി.വി.ശ്രീകുമാരി | 01-04-2018 മുതൽ 31-03-2019 വരെ |
| **കൃഷി ഓഫീസർ** | ശ്രീമതി.കെ.നീതുചന്ദ്രൻ. | 01-04-2018 മുതൽ 31-03-2019 വരെ |
| **വെറ്ററിനറി സർജൻ** | ഡോ.അനുഷ സലി | 01-04-2018 മുതൽ 31-03-2019 വരെ |
| **എെ.സി.ഡി.എസ് സൂപ്പർവൈസർ** | ശ്രീമതി.പി.കെ രമ | 01-04-2018 മുതൽ 05-07-2018 വരെ |
| | ശ്രീമതി.എസ്.കെ.അജിത | 06-07-2018 മുതൽ 31-03-2019 വരെ |

| | | |
|---|---|---|
| **ഡയറി ഫാം ഇൻസ്പെക്ടർ** | ശ്രീ.കെ.പി.പൈലി | 01-04-2018 മുതൽ 31-03-2019 വരെ |
| **വി.ഇ.ഒ** | ശ്രീ.ബിജുമോൻ എബ്രാഹം | 01-04-2018 മുതൽ 31-03-2019 വരെ |

**ഉള്ളടക്കം**

| ക്രമ നം. | ഖണ്ഡിക നം. | ഖണ്ഡിക |
|---|---|---|
| | | **ഭാഗം-1 ഓഡിറ്റ് റിപ്പോർട്ട്** |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കിലെ അപാകതകൾ |
| 12 | 1-12 | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കാത്തത് സംബന്ധിച്ച് |
| 13 | 1-13 | ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിനെത്തുടർന്ന് തൊഴിൽ നികുതി ഒടുക്കി. |
| 14 | 1-14 | അനധികൃത കെട്ടിട നിർമ്മാണം, വസ്തു നികുതി നിർണ്ണയത്തിലെ അപാകത എന്നിവ സംബന്ധിച്ച് |
| 15 | 1-15 | മാർഗ്ഗരേഖയക്ക് വിരുദ്ധമായി കളവെട്ട് യന്ത്രം നൽകി ചെലവ് തടസ്സം ₹43500/- |

| | | |
|---|---|---|
| 16 | 1-16 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം-ഗുണഭോക്താക്കളുടെ ലൈസൻസ് ഹാജരാക്കിയില്ല |
| 17 | 1-17 | എസ്.റ്റി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അധിക നിരക്ക് നൽകിയത് |
| 18 | 1-18 | ആശ്രയ പദ്ധതി-കൈമാറി കിട്ടിയ പണം ചെലവഴിച്ചില്ല. |
| 19 | 1-19 | ജലസേചന പമ്പ് സെറ്റ് വിതരണം-സർക്കാലർ ഉത്തരവ് പാലിച്ചില്ല. ₹252000/- യുടെ ചെലവ് തടസ്സം |
| 20 | 1-20 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് പദ്ധതി-മാർഗരേഖക്ക് വിരുദ്ധമായി നടപ്പിലാക്കിയത് |
| 21 | 1-21 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമാക്കാത്തത് |
| 22 | 1-22 | കാർഷിക മേഖല-ഗുണഭോക്താക്കളുടെ കൈവശ ഭൂമി - ഇളവ് ഉത്തരവ് ലഭ്യമാക്കുന്നത് സംബന്ധിച്ച്. |
| 23 | 1-23 | ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല. |
| 24 | 1-24 | വീട് പുനരുദ്ധാരണം- വേല പൂർത്തിയാക്കിയില്ല |
| 25 | 1-25 | എച്ച്.എം.സി.-വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. |
| 26 | 1-26 | അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചില്ല. |
| 27 | 1-27 | പി.എം എ വൈ വിഹിതം വിനിയോഗസാക്ഷ്യപത്രം -ലഭിച്ചില്ല. |
| 28 | 1-28 | ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ നടപ്പാക്കിയിരിക്കുന്നു. |
| 29 | 1-29 | സാമൂഹ്യസുരക്ഷ പെൻഷൻ വിതരണത്തിലെ അപാകതകൾ. |
| 30 | 1-30 | കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നില്ല. |
| **ഭാഗം-2**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| -ഇല്ല- | | |
| **ഭാഗം-3**<br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 31 | 3-1 | ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ നടപ്പാക്കിയിരിക്കുന്നു. |

| | | |
|---|---|---|
| **ഭാഗം-4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | | |
| 32 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 33 | 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 34 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 35 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 36 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 37 | 4-6 | സ്ഥിര നിക്ഷേപം |
| 38 | 4-7 | ഓഡിറ്റ് റിക്കവറി |
| 39 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 40 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 41 | 4-10 | ഓഡിറ്റ് സംക്ഷിപ്തം |
| 42 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
| 43 | **അനുബന്ധം-1** | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 08.02.2018 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് ₹242905100/-യും ചെലവ് ₹241150105/-യും നീക്കിയിരിപ്പ് ₹1754995/- യും ആണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 04.05.2019 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹7950663 |

| | |
|---|---|
| വരവ് | ₹126422659 |
| ആകെ | ₹134373322 |
| ചെലവ് | ₹121742432 |
| നീക്കിയിരിപ്പ് | ₹12630890 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട്- (ACR പ്രകാരം) | പൊതു വിഭാഗം | 0 | 30525929 | 30525929 | 25917860 | 4608069 |
| | എസ്.സി.പി | 0 | 2311000 | 2311000 | 1399750 | 911250 |
| | ടി.എസ്.പി | 0 | 1708000 | 1708000 | 1627090 | 80910 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – (ACR പ്രകാരം) | | 0 | 14090000 | 14090000 | 14090000 | 0 |
| മെയിന്റനൻസ്- (ACR പ്രകാരം) | റോഡ് | 0 | 1997000 | 1997000 | 1997000 | 0 |
| | റോഡിതരം | 0 | 6108000 | 6108000 | 6108000 | 0 |
| തൊഴിലുറപ്പ് പദ്ധതി | ഭരണചെലവുകൾ | 5578 | 1928055 | 1933633 | 1920726 | 12907 |
| | തൊഴിലാളികളുടെ കൂലി | 0 | 117378726 | 117378726 | 117378726 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | പശ്ചിമഘട്ടം | 2928029 | 0 | 2928029 | 165907 | 2762122 |
| | ഐ.സി.ഡി.എസ്. | 540452 | 1101550 | 1642002 | 1045823 | 596179 |

| | | | | | | |
|---|---|---|---|---|---|---|
| | എസ്.എസ്.എ. | 17426 | 0 | 17426 | 17426 | 0 |
| **സംസ്ഥാനാ വിഷ്ടത ഫണ്ടുകൾ** | വിമുക്തി | 0 | 37500 | 37500 | 0 | 37500 |
| | പ്രളയദുരിതാശ്വാസം | 0 | 475000 | 475000 | 475000 | 0 |
| | ശുചിത്വമിഷൻ | 0 | 2396128 | 2396128 | 1013653 | 1382475 |
| | ജലനിധി | 3725484 | 791197 | 4516681 | 1516366 | 3000315 |
| | കുടിവെള്ളം | 0 | 2245720 | 2245720 | 2245720 | |
| | എയിഡ്സ് കൺട്രോൾ ഫണ്ട് | 53525 | 1883 | 55408 | 0 | 55408 |
| | എം.എൻ.ലക്ഷംവീട് | 660000 | 0 | 660000 | 610586 | 49414 |
| | ജവഹർ ലോൺ | 1000 | 0 | 1000 | 0 | 1000 |
| **സംയുക്ത പ്രോജക്ടുകൾ** | ജില്ലാപഞ്ചായത്ത് | 0 | 4117262 | 4117262 | 4117262 | 0 |
| | ബ്ലോക്ക്പഞ്ചായത്ത് | 0 | 3810398 | 3810398 | 3558098 | 252300 |
| **ബി-ഫണ്ട്** | | 0 | 46010 | 46010 | 46010 | 0 |
| **തനത്ഫണ്ട്** | ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 12788240 | 12788240 | 12788240 | 0 |
| | ബാങ്ക് അക്കൗണ്ട് | 2658650 | 6038881 | 8697531 | 6214389 | 2483142 |
| | ട്രഷറി അക്കൗണ്ട് | -2919064 | 9622933 | 6703869 | 4981773 | 1722096 |
| | ക്യാഷ് | 279583 | 276032 | 555615 | 279583 | 276032 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 231 | 31224587 | 163 | 96154528 | 47 | 21 | 70 |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

ഇല്ല.

**മരാമത്ത് പ്രവർത്തികൾ-സാർവത്രികമായി എസ്റ്റിമേറ്റ് പുതുക്കുന്നു**

1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ) ചട്ടങ്ങളിലെ ചട്ടം14(5) അനുസരിച്ച്, ഒരു മരാമത്ത് പ്രവൃത്തി എസ്ററിമേറ്റ് പ്രകാരം നടത്തി വരവേ, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ കഴിയാതിരുന്ന ഇനമോ കൂട്ടലായി ചെയ്യേണ്ടിവരുന്ന ഇനമോ ഉണ്ടാകുന്ന പക്ഷം, ആവശ്യമായ സാക്ഷ്യപ്പെടുത്തൽ സഹിതം ഒറിജിനൽ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിക്കാൻ സ്വീകരിച്ച എല്ലാ നടപടിക്രമങ്ങളും പാലിച്ച്, പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. ഇത്തരം നടപടികൾ ഒഴിച്ചുകൂടാനാവാത്ത സാഹചര്യങ്ങളിൽ മാത്രം അനുവർത്തിക്കേണ്ടവയാണെങ്കിലും തൻവർഷം നടപ്പാക്കിയ ഏകദേശം 30 പ്രവൃത്തികളുടെ, എസ്റ്റിമേറ്റുകൾ നിർവ്വഹണവേളയിൽ പുതുക്കിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റുകൾക്ക് താരതമ്യപത്രികകൾ (comparative statement) അടക്കമുള്ള വിശദാംശങ്ങൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഭരണസമിതി അംഗീകാരമോ പുതുക്കിയ സാങ്കേതികാനുമതി ലഭിച്ചതായോ രേഖയില്ല. ആസൂത്രണം ചെയ്യുന്ന പ്രോജക്ടുകളുടെ ബാഹുല്യം മൂലം സൈറ്റുകളുടെ ഭൗതിക സാഹചര്യം നേരിൽ പരിശോധിക്കാതെ, വകയിരുത്തുന്ന തുകയിൽ പരിമിതപ്പെടുന്ന രീതിയിൽ ഇനങ്ങൾ തെരഞ്ഞെടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ് പ്രസ്തുത അപാകതയ്ക്ക് മുഖ്യകാരണം. എസ്റ്റിമേറ്റുകൾ സാർവത്രികമായി പുതുക്കുന്ന നടപടി ആദ്യ അംഗീകാരം നേടാൻ സ്വീകരിച്ച ഭാരിച്ചതും സങ്കീർണവും സാമ്പത്തികബാധ്യതയേറെയുള്ളതും മനുഷ്യവിഭവശേഷി വലിയ തോതിൽ വിനിയോഗിക്കപ്പെട്ടതുമായ നടപടിക്രമങ്ങൾ നിരർത്ഥകമാക്കുന്നു. ഓഫീസിലെ ഇത്തരം വീഴ്ചകൾ മൂലം യഥാസമയം നിർമാണസൈറ്റുകൾ പരിശോധിക്കാനാവാതെ വരുന്നത് പ്രവൃത്തികളുടെ ഗുണമേന്മയെ കാര്യമായി ബാധിക്കാനും സാധ്യതയുണ്ട്. വേണ്ടത്ര അവധാനതയില്ലാത്ത ഇത്തരം പദ്ധതി ആസൂത്രണ-നിർവഹണപ്രക്രിയകൾ ആവർത്തിക്കപ്പെടുന്നത് അടിസ്ഥാനപരമായി പഞ്ചായത്തിന് ഏറെ സാമ്പത്തിക ബാധ്യത വരുത്തിവെയ്ക്കുന്നതിനാൽ അനിവാര്യമായ സാഹചര്യങ്ങളിലേക്ക് മാത്രമായി എസ്റ്റിമേറ്റ് പുതുക്കൽ രീതി പരിമിതപ്പെടുത്തേണ്ടതാണ്. വിഭാവനം ചെയ്ത 146-ൽ 108 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പാക്കിയത്. പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കുകയെന്നത് സൂചിത പ്രശ്നങ്ങൾക്ക് സാധ്യമായ

പരിഹാരമാർഗ്ഗമാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ അടിയന്തിര ശ്രദ്ധ ഗൗരവമേറിയ പ്രസ്തുത വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5578 | 1928055 | 1933633 | 1920726 | 12907 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 117378726 | 117378726 | 117378726 | 0 |

### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 46010 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 7487200 | 632 |
| വിധവാപെൻഷൻ | 9365600 | 803 |
| വാർദ്ധക്യകാലപെൻഷൻ | 31242500 | 2640 |
| വികലാംഗപെൻഷൻ | 4125600 | 358 |
| അവിവാഹിതർക്കുള്ള പെൻഷൻ | 368700 | 112 |

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2019-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ₹29513/-യുടെ നീക്കിയിരിപ്പ് കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നികുതി പിരിവിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതിയിനത്തിൽ ₹23,85,945/- പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക കാലഹരണപ്പെട്ടുപോകാതെ എത്രയും വേഗം പിരിച്ചെടുക്കേണ്ടതാണ്. സ്ഥാപനത്തിൽ സ്ഥിര ഉപയോഗത്തിന് സൂക്ഷിച്ചിട്ടുള്ള ഫർണീച്ചർ അടക്കമുള്ള വസ്തുക്കളുടെ വിവരം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ തന്നെ സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് കൈമാറൽ നടത്തിവരുന്നില്ല.

**രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം**

രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. ഓരോയിനത്തിലെ ഫയലുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രത്യേകമായി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി പരിപാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**ഓഫീസ് പ്രവർത്തനങ്ങൾ**

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്.സാമാന്യം മെച്ചപ്പെട്ട നിലയിൽ ഓഫീസ് പ്രവർത്തനം നടത്തപ്പെടുന്നുണ്ട്.

**ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ**

19 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും ഊരുകൂട്ടങ്ങളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.10.2019 | 6/19 മുതൽ 9/19വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.01.2018 | 2012-13 മുതൽ 2016-17 വരെ | 06.06.2018 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1) വസ്തുനികുതി കണക്കുകൾ - സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

2) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3) ഡെപ്പോസിറ്റ് തുകകളുടെ ഇനം തിരിച്ച്, വർഷം തിരിച്ച് കണക്കുകൾ തയ്യാറാക്കിയിട്ടില്ല.

4) ബി-15(എ) കിട്ടാക്കടങ്ങൾക്ക് പ്രൊവിഷൻ നൽകിയിട്ടില്ല.

5. വസ്തുനികുതി, തൻവർഷം, കുടിശ്ശിക എന്നിവയുടെ ബി-15 – ബാലൻസ് തുകകൾ, ഐ-1, ആർ.പി.-43 എന്നിവയെ അടിസ്ഥാനമാക്കി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ്/ ഐ-1 പ്രകാരം ₹ | കളക്ഷൻ ആർ.പി.-43 ₹ | ബാലൻസ് ₹ | | വ്യത്യാസം ₹ |
|---|---|---|---|---|---|
| | | | ഐ-1 (ആർ.പി.-43) | ബി-15 പ്രകാരം | |
| വസ്തുനികുതി-ഗാർഹികം | 1790978 | 1576847 | 214131 | 224842 | 10711 |
| ഗാർഹികേതരം | 1740588 | 817538 | 923050 | 969198 | 46148 |
| കുടിശ്ശിക-ഗാർഹികം (2017-18 (ബി-15 പ്രകാരം) | 1963208 | 340886 | 1622322 | 780397 | 841925 |
| ഗാർഹികേതരം (2017-18 (ബി-15 പ്രകാരം) | 0 | 393689 | (-)393689 | 411508 | 805197 |

6. ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള ₹3568/- വാർഷിക ധനവിവര പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-12 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കാത്തത് സംബന്ധിച്ച്

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ(ഖണ്ഡിക 2-1) കമ്പിളികണ്ടത്തുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക ഈടാക്കാത്തത് സംബന്ധിച്ച് പരാമർശമുണ്ടായിരുന്നുവെങ്കിലും വാടക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ല. വാടക രജിസ്റ്റർ, ലഭ്യമായ മറ്റ് രേഖകൾ, ഷോപ്പിംഗ് കോംപ്ലക്സിൽ നേരിട്ട് നടത്തിയ പരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഷോപ്പിംഗ് കോംപ്ലക്സിന്റെ സെല്ലാർ ഭാഗത്തുള്ള മുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല. എന്നാൽ ഈ മുറികളും പാർക്കിംഗ് ഏരിയയും കെ.എസ്.ഇ.ബി.യുടെ ഉപകരണങ്ങൾ, മറ്റ് സാധനങ്ങൾ എന്നിവ സൂക്ഷിക്കുന്നതിന് അനധികൃതമായി കൈവശപ്പെടുത്തിയിരിക്കുന്നു. ഫസ്റ്റ് ഫ്ലോറിലെ മുറികൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്നത്. കൂടാതെ ഏതാനും മുറികൾ നിർമ്മാണ സാമഗ്രികൾ സൂക്ഷിക്കുന്നതിനുള്ള ഗോഡൗണായും ഉപയോഗിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ ആരാണ് ഈ മുറികൾ കൈവശപ്പെടുത്തിയിരിക്കു

ന്നതെന്ന് വ്യക്തമല്ല.

ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ അനധികൃതമായി കൈയ്യേറിയത് ഒഴിപ്പിക്കേണ്ടതും മുറികൾ വാടകയ്ക്ക് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ കെ.എസ്.ഇ.ബി-ക്ക് 2016 ഫെബ്രുവരി മുതൽ നൽകിയ മുറികളുടെ വാടക നിശ്ചയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിലെ പ്രധാന വ്യാപാര മേഖലയായ കമ്പിളികണ്ടത്ത് സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ കേവലം ₹500/- മുതൽ പരമാവധി ₹650/- വരെയുള്ള വാടകയ്ക്കാണ് നൽകിയിരിക്കുന്നത്. വാടക കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

| ക്രമ നം | വാടകക്കാരന്റെ പേര് | മുറി നം | പ്രതിമാസ വാടക ₹ | കുടിശ്ശിക ₹ |
|---|---|---|---|---|
| 1 | സിബി ജോർജ് കിഴക്കേക്കുടി | XI/752 | 592 | 3552 (ഒക്ടോബർ -മാർച്ച്) |
| 2 | സിബി ജോർജ് കിഴക്കേക്കുടി | XI/754 | 613 | 3678 (ഒക്ടോബർ -മാർച്ച്) |
| 3 | എ എം രാജു | XI/755 | 640 | 3200 (നവംബർ -മാർച്ച്) |
| 4 | ഷൈലജ രാജു | XI/753 | 635 | 4445 (സെപ്റ്റംബർ -മാർച്ച്) |
| 5 | ഷൈലജ രാജു | XI/760 | 630 | 4410 (സെപ്റ്റംബർ -മാർച്ച്) |
| 6 | സിബി ജോർജ് കിഴക്കേക്കുടി | XI/762 | 558 | 6696 (ഏപ്രിൽ -മാർച്ച്) |
| | | ആകെ | | 25981 |

വാടക കുടിശ്ശിക ഈടാക്കാത്തതിന്റെ വിവരങ്ങൾ, വാടകക്കാരുമായി കരാർ ചമച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.1) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈടാക്കാൻ അവശേഷിക്കുന്ന വാടക കുടിശ്ശിക അടിയന്തിരമായി ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### 1-13 ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിനെത്തുടർന്ന് തൊഴിൽ നികുതി ഒടുക്കി.

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2018-19 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം-4/തീയതി.21.11.2019)യുടെ ഫലമായി തൊഴിൽ നികുതി ഈടാക്കി.

| ക്രമ നം | സ്ഥാപനം/ജീവനക്കാർ | ഒടുക്കിയ തുക (₹) |
|---|---|---|
| 1 | പോസ്റ്റ് ആഫീസ് കൊന്നത്തടി | 825 |
| 2 | ജി എൽ പി എസ് മുള്ളരിക്കുടി | 5000 |
| 3 | ഇസാഫ് സ്വാശ്രയ മൾട്ടി സ്റ്റെയ്റ്റ് കോ ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി | 1500 |
| 4 | ശ്രീ നാരായണ കോളേജ് ഓഫ് ആർട്ട്സ് ആൻഡ് സയൻസ് പാറത്തോട് | 10500 |

സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, സെക്രട്ടറി എന്നിവർ സ്ഥാപനങ്ങൾ/ജീവനക്കാർ തൊഴിൽ

നികുതി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

### 1-14 അനധികൃത കെട്ടിട നിർമ്മാണം, വസ്തു നികുതി നിർണ്ണയത്തിലെ അപാകത എന്നിവ സംബന്ധിച്ച്

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം 263 സ്ഥാപനങ്ങളും 2017-18 വർഷം 286 സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റിൽ 220 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. ഈ വ്യത്യാസം പരിശോധിക്കുന്നതിനും ട്രേഡേഴ്സ് ലിസ്റ്റിന്റെ കൃത്യത പരിശോധിക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിലെ പ്രധാന ടൗണുകളായ പണിക്കൻകുടി, പറത്തോട് കമ്പളികണ്ടം എന്നിവിടങ്ങളിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ അനധികൃത കെട്ടിട നിർമ്മാണം നടക്കുന്നതായും സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

**I. ഭാഗികമായി വസ്തുനികുതി നിർണയിച്ചത്**

എട്ടാം വാർഡിൽ പണിക്കൻകുടിയിൽ ശ്രീ ടിങ്കിൾ കുര്യൻ എന്നയാളുടെ പേരിലുള്ള ബഹുനില കെട്ടിടത്തിന്റെ ആറ് മുറികളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട് (166 A-F) എന്നാൽ നേരിൽ പരിശോധന നടത്തിയതിൽ ഈ കെട്ടിടത്തിന്റെ 13 മുറികൾ ഉപയോഗത്തിലുണ്ട്. പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.എസ് എൻ സ്പൈസസ്, പണിക്കൻകുടി

2.കീർത്തന ബ്യൂട്ടി പാർലർ, പണിക്കൻകുടി

3.പ്രിയ മെഡിക്കൽ സ്റ്റോർ, പണിക്കൻകുടി

4.മൊണാലിസ മെത്ത വിൽപ്പന സ്ഥാപനം, പണിക്കൻകുടി

5. സോഫ്റ്റ് വെയർ സ്ഥാപനം, പണിക്കൻകുടി

6. കുഞ്ഞിക്കിളി ഗാർമെന്റ്സ് , പണിക്കൻകുടി

7. ഉപയോഗത്തിലുള്ള രണ്ട് റസിഡൻഷ്യൽ കെട്ടിടങ്ങൾ.

പ്രസ്തുത സ്ഥാപനങ്ങളിൽ ക്രമ നം 6 വരെയുള്ളവ 2018-19 വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല. കൂടാതെ ഈ സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിലും ഉൾപ്പെട്ടിട്ടില്ല. നാല് നിലകളുള്ള കെട്ടിടത്തിന്റെ താഴത്തെ രണ്ട് നിലകൾക്ക് മാത്രമാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. മറ്റ് രണ്ട് നിലകളുടെയും വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. എട്ടാം വാർഡിലെ ഒരു കെട്ടിടത്തിന്റെ മാത്രം വിശദാംശംങ്ങളാണ് മുകളിൽ സൂചിപ്പിച്ചിരിക്കുന്നത്, ആയതിനാൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാർ, ജനപ്രതിനിധികൾ എന്നിവരുടെ സഹകരണത്തോടെ എല്ലാ വാർഡുകളിലും സംയുക്ത പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തീകരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**II. അനധികൃത കെട്ടിട നിർമ്മാണം വസ്തു നികതി നിർണ്ണയം എന്നിവയിലെ അപാകതകൾ സംബന്ധിച്ച്**

**(എ).** പാറത്തോടിലുള്ള (വാർഡ് 10) സെന്റ് ജോർജ് പള്ളിവക ഷോപ്പിംഗ് കോംപ്ലക്സിന്റെ ground floor, first floor, second floor എന്നിവയിൽ യഥാക്രമം വ്യാപാര സ്ഥാപനങ്ങൾ, രണ്ട് ഓഡിറ്റോറിയം എന്നിവ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയ്ക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. കൂടാതെ ground floor, first floor എന്നിവ നിർമ്മിക്കുന്നതിന് മാത്രമാണ് പെർമിറ്റ് എടുത്തിരിക്കുന്നത്. Second floor-ലുള്ള ഓഡിറ്റോറിയം അനധികൃതമായാണ് നിർമ്മിച്ചിരിക്കുന്നത്. ഈ കെട്ടിടത്തിന്റെ first floor വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 29.9.2018 ൽ കെട്ടിട ഉടമ അപേക്ഷ സമർപ്പിച്ചതിനെത്തുടർന്ന് 15.10.2018 ൽ അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തി നൽകിയ കുറിപ്പ് പരിശോധിച്ചതിൽ താഴെ വ്യക്തമാക്കുന്ന അപാകതകളുണ്ട്.

1. മഴവെള്ള സംഭരണി ഇല്ല.
2. 1052 എം2 ഉള്ള കെട്ടിടം നിർമ്മിക്കാനാണ് പെർമ്മിറ്റ് നൽകിയത്. എന്നാൽ നമ്പറിംഗിനായി നൽകിയ കംപ്ലീഷൻ പ്ലാനിൽ 1461.16 എം2 ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.
3. നിലവിലുള്ള കെട്ടിടങ്ങളുടെ വിശദാംശംങ്ങൾ ഇല്ല.
4. പെർമ്മിറ്റ് നേടിയ പ്ലാനിൽ നിന്നും വ്യക്തമായ വ്യതിചലനം കംപ്ലീഷൻ പ്ലാനിലുണ്ട്.
5. First floor, ground floor എന്നിവയുടെ കംപ്ലീഷൻ പ്ലാൻ മാത്രമാണ് അപേക്ഷകൻ സമർപ്പിച്ചിരുന്നത്. എന്നാൽ പരിശോധന നടത്തിയതിൽ പെർമ്മിറ്റ് എടുത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ മുകളിലായി second floor ൽ സമ്മേളന ഹാൾ നിർമ്മിച്ചിട്ടുണ്ട്. ഈ നില അനധികൃതമായിട്ടാണ് നിർമ്മിച്ചിരിക്കുന്നത്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ഈ കെട്ടിടം നേരിൽ പരിശോധിച്ചതിൽ ground floor, first floor എന്നിവയിൽ വ്യാപാര സ്ഥാപനങ്ങളും ഒരു ചെറിയ ഓഡിറ്റോറിയവും second floor ൽ ഒരു വലിയ ഓഡിറ്റോറിയവും നിലവിലുണ്ട്. Ground floor ന്റെ മാത്രമാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത് (partial occupancy208 A-K). മറ്റ് മുറികൾ ഉപയോഗിക്കുന്നുണ്ടെങ്കിലും വസ്തു നികുതി നിർണ്ണയിക്കുകയോ അതിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുകയോ ചെയ്തിട്ടില്ല.

Second floor ൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയത്തിന് വിശ്വാസ പരിശീലന കേന്ദ്രം എന്നാണ് പേര് നൽകിയിരിക്കുന്നത്. എന്നാൽ ഇത് വിവാഹ ആവശ്യങ്ങൾക്കും മറ്റ് സമ്മേളനങ്ങൾക്കും ആയിട്ടാണ് ഉപയോഗിക്കുന്നത് എന്ന് നേരിൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. വിശ്വാസ പരിശീലന കേന്ദ്രം എന്ന് പേര് നൽകിയിരിക്കുന്നത് 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 (എ) പ്രകാരം ഒടുക്കേണ്ട നികുതിയിൽ നിന്നും ഒഴിവാകുന്നതിനുവേണ്ടിയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.




***സെന്റ് ജോർജ് പള്ളിവക ഷോപ്പിംഗ് കോംപ്ലക്സ്***

**(ബി).** എട്ടാം വാർഡിൽ പണിക്കൻകുടി സെന്റ് ജോൺ മരിയ വിയാനി പള്ളിക്ക് എതിർവശത്തായി രണ്ട് നിലകളിലായി രണ്ട് ഓഡിറ്റോറിയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. Ground floor ൽ ഉള്ള ഓഡിറ്റോറിയം നിലവിൽ വിവാഹ ആവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകുന്നുണ്ട് എന്ന് നേരിൽ നടത്തിയ പരിശോധനയിൽ വ്യക്തമായി. എന്നാൽ ground floor-ൽ ഉള്ള ഓഡിറ്റോറിയത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. കൂടാതെ ഈ കെട്ടിട നിർമ്മാണത്തിന് പെർമിറ്റും എടുത്തിട്ടില്ല. ഈ കെട്ടിടം നേരിൽ പരിശോധിച്ചതിൽ St. Vianney Sunday School, Panikkankudy എന്നാണ് കെട്ടിടത്തിന് പേര് നൽകിയിരിക്കുന്നത്. ഓഡിറ്റോറിയത്തിനായി നിർമ്മിച്ചിരിക്കുന്ന ഈ കെട്ടിടത്തിലെ രണ്ടു നിലകൾക്കും ഇപ്രകാരം പേര് നൽകിയിരിക്കുന്നത് 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 (എ) പ്രകാരം ഒടുക്കേണ്ട നികുതിയിൽ നിന്നും ഒഴിവാകുന്നതിനുവേണ്ടിയാണ് എന്ന് വ്യക്തമാണ്.

ക്രമ നമ്പർ (എ), (ബി) എന്നിവ പ്രകാരമുള്ള കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ച് എക്സിറ്റ് മീറ്റിംഗിൽ വ്യക്തമാക്കിയപ്പോൾ മേൽ സൂചിപ്പിച്ച വസ്തുതകൾ ഗ്രാമപഞ്ചായത്ത് കമ്മറ്റി, സെക്രട്ടറി എന്നിവർ അംഗീകരിച്ചിട്ടുള്ളതാണ്. ഈ ഓഡിറ്റോറിയങ്ങളുടെ അനധികൃത നിർമ്മാണങ്ങൾ കെട്ടിട നിർമ്മാണച്ചട്ടങ്ങൾ പ്രകാരം ക്രമവത്കരിച്ച് നമ്പർ നൽകുമ്പോൾ വിശ്വാസ പരിശീലന കേന്ദ്രം ആയിട്ടാണ് ഉപയോഗിക്കുന്നതെങ്കിൽ ഈ ആവശ്യത്തിന് മാത്രമായി നമ്പർ നൽകേണ്ടതും മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്. മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വസ്തു നികുതി ഓഡിറ്റോറിയത്തിന്റേതായി പുനർ നിർണ്ണയിക്കേണ്ടതാണ്.






***പണിക്കൻകുടി സെന്റ് ജോൺ മരിയ വിയാനി പള്ളിവക ഓഡിറ്റോറിയം***

**III. സി ബി എസ് ഇ സ്കൂളിന്റെ വസ്തു നികതി നിർണ്ണയിച്ച് ഈടാക്കുന്നില്ല.**

എട്ടാം വാർഡിൽ പണിക്കൻകുടി ക്യൂൻമേരി പബ്ലിക് സ്കൂളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ട്. എന്നാൽ ഈ കെട്ടിടങ്ങൾക്ക് വസ്തു നികതി നിർണ്ണയിച്ചിട്ടില്ല. 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 (ബിഎ) (2013ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി ചട്ടങ്ങൾ, with effect from 25.11.2012) പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർസെക്കന്ററിതലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയും മാത്രമാണ് വസ്തുനികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ മേൽ വ്യക്തമാക്കിയിരിക്കുന്ന സ്വകാര്യ സ്കൂളിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും വസ്തുനികുതി നാളിതുവരെയായി നിർണ്ണയിക്കുകയോ ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല. എകദേശം 4000 എം2ൽ അധികം വിസ്തീർണ്ണമുള്ള ഈ നാലു നില കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും കെട്ടിടം സംബന്ധിച്ച യാതൊരുവിധ വിശദാംശംങ്ങളും ഗ്രാമപഞ്ചായത്തിലില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും പഞ്ചായത്തിന് വ്യക്തമായ ധാരണയുള്ളതുമായ കെട്ടിടങ്ങളുടെ പോലും വസ്തുനികുതി നിർണ്ണയിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് ഗുരുതരമായ വീഴ്ചയുണ്ടായിരിക്കുന്നു. ഇത്തരത്തിൽ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും മറ്റ് ഗണത്തിൽപ്പെട്ട കെട്ടിടങ്ങളും ഒഴിവാക്കപ്പെട്ടിട്ടുണ്ടാവാം. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.8) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഏതെങ്കിലും കെട്ടിടങ്ങൾ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധന നടത്തേണ്ടതും 100% കെട്ടിടങ്ങളുടെയും വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഭരണ സമിതി ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-15 മാർഗ്ഗരേഖയക്ക് വിരുദ്ധമായി കളവെട്ട് യന്ത്രം നൽകി ചെലവ് തടസ്സം ₹43500/-

| | |
|---|---|
| നിർവ്വഹണം | അസി. സെക്രട്ടറി |
| പദ്ധതി നം | എസ്-35/2019 |
| പദ്ധതി | ഊരുകൂട്ടങ്ങൾക്ക് കളവെട്ട് യന്ത്രം |
| അടങ്കൽ | ₹200000/- (റ്റി.എസ്.പി) |
| ബിൽ നം, തീയതി | 11/2018-18 തീ:14.03.2019 |
| തുക | ₹43500/- |

ഗ്രാമപഞ്ചായത്തിലെ ഊരുകൂട്ടങ്ങൾക്ക് കളവെട്ടിയന്ത്രം നൽകുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത് . പദ്ധതി നിർവ്വഹണത്തിനായി ടെണ്ടർ മുഖേന രാജകുമാരി ക്ലിയർടെക് ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും ₹14,500/- നിരക്കിൽ നാല് കളവെട്ടിയന്ത്രങ്ങൾ വാങ്ങുകയും സബ്സിഡി തുകയായി ₹43,500/- പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുമുണ്ട്. കളവെട്ടി യന്ത്രം കൈപ്പറ്റിയ ഊരുകൂട്ടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് |
|---|---|
| 1 | കൊന്നത്തടി ഊരുകൂട്ടം ഗ്രൂപ്പ് -1 |
| 2 | കൊന്നത്തടി ഊരുകൂട്ടം ഗ്രൂപ്പ് -2 |
| 3 | പണിക്കൻകുടി ഊരുകൂട്ടം |
| 4 | കൊമ്പൊടിഞ്ഞാൽ ഊരുകൂട്ടം |

പ്രാഥമിക കാർഷിക സംഘങ്ങൾ, രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾ, പ്രാദേശിക തൊഴിലാളികളുടെ രജിസ്റ്റർ

ചെയ്ത ഗ്രൂപ്പുകൾ, കൃഷി ഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കർമ്മ സേനകൾ, രജിസ്റ്റർ ചെയ്ത കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീകളുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചതും രജിസ്റ്റർ ചെയ്തതുമായ വനിതാ കർഷക സംഘങ്ങൾ, പുരുഷ സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്ക് കളവെട്ട് യന്ത്രം നൽകുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ (കൈ) 22/2018 ഉത്തരവിലെ ഖ-6.1.8 പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഇവയിൽ ഉൾപ്പെടാത്ത പ്രസ്തുത ഊരുകൂട്ടങ്ങൾക്ക് കളവെട്ട് യന്ത്രം നൽകിയത് സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനമായതിനാൽ തുക ₹43,500/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-16 ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം-ഗുണഭോക്താക്കളുടെ ലൈസൻസ് ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പദ്ധതി നം | 233/2019 |
| പദ്ധതി | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം |
| അടങ്കൽ | ₹3,00,000 (പൊതു വിഭാഗം) |
| ബിൽ നം തീയതി | 5/2018-19 തീ 19.03.2019 |
| തുക | ₹3,00,000/- |

ഗ്രാമപഞ്ചായത്തിലെ ഭിന്നശേഷിക്കാരായ നാല് ഗുണഭോക്താക്കൾക്ക് മുച്ചക്ര വാഹനം വാങ്ങി നൽകുന്നതിന് വിഭാവനം ചെയ്തിരുന്ന പദ്ധതിയാണിത്. പദ്ധതി പ്രകാരം നാല് ഗുണഭോക്താക്കൾക്ക് മുച്ചക്ര വാഹനം വാങ്ങി നല്കിയിട്ടുണ്ട്. എന്നാൽ താഴെ പരാമർശിക്കുന്ന ഗുണഭോക്താക്കൾ മുച്ചക്ര വാഹനം ഓടിക്കുന്നതിനുള്ള ഇൻവാലിഡ് ഡ്രൈവിംഗ് ലൈസൻസ് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവ് |
|---|---|
| 1 | ശ്രീ. റ്റി.സി ദേവസ്യ, തെങ്ങുംപിള്ളിൽ |
| 2 | ശ്രീ. പി.എ മൈക്കിൾ പൊരിമറ്റത്തിൽ |
| 3 | ശ്രീ. മത്തായി മാത്യു, പള്ളിപുറത്ത് |

മേൽ പരാമർശിത ഗുണഭോക്താക്കളുടെ ഇൻവാലിഡ് ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 1-17 എസ്.റ്റി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അധിക നിരക്ക് നൽകിയത്

| | |
|---|---|
| നിർവ്വഹണം | അസി. സെക്രട്ടറി |
| പദ്ധതി നം | എസ്-71/2019 |
| പദ്ധതി | എസ്.റ്റി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹75000/- (റ്റി.എസ്.പി) |
| ബിൽ നം, തീയതി | 8/2018-18 തീ:13.03.2019 |
| തുക | ₹65000/- |

ഗ്രാമപഞ്ചായത്തിലെ എസ്.റ്റി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണിത്. ഇത് പ്രകാരം താഴെ പരാമർശിക്കുന്ന മൂന്ന് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

| ക്രമനം | ഗുണഭോക്താവ് | പഠിക്കുന്ന കോഴ്സ് | നൽകിയ തുക ₹ |
|---|---|---|---|
| 1 | ആദർശ് എസാക്കിൽ, കീരിപ്ലാക്കൽ, കൊന്നത്തടി | ബി.ബി.എ രണ്ടാം വർഷം (എസ്.എസ്.എം കോളേജ് രാജാക്കാട്) | 30000 |
| 2 | സെൻ വിൻസന്റ്, കള്ളിക്കൽ, കൊമ്പൊടിഞ്ഞാൽ, പണിക്കൻകുടി | ബി.കോം രണ്ടാം വർഷം (എസ്. എച്ച് കോളേജ് തേവര) | 30000 |
| 3 | സിൻഡ്രല്ല വിൻസന്റ്, കള്ളിക്കൽ, കൊമ്പൊടിഞ്ഞാൽ, പണിക്കൻകുടി | മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം (ആകാശ് ഫൗണ്ടേഷൻ, കൊച്ചി | 5000 |
| | | **ആകെ** | **65000** |

പട്ടികജാതി/പട്ടിക വർഗ്ഗത്തിൽ ഉൾപ്പെടുന്ന ബിരുദ വിദ്യാർത്ഥികൾക്ക് പ്രതിവർഷം ₹20,000/- വീതം ധനസഹായം നൽകുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ (കൈ) 22/2018 ഉത്തരവിലെ ഖ-7.2.5 പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ക്രമനം 1, 2 എന്നീ ബിരുദ വിദ്യാർത്ഥികൾക്ക് ₹30,000/- വീതം നൽകിയതിനാൽ ₹20,000/- (10000X2) ന്റെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് ഓഡിറ്റ് എൻക്വയറി(നം.2/തീ.20.11.19)നൽകിയപ്പോൾ മുൻവർഷങ്ങളിൽ ബിരുദ വിദ്യാർത്ഥികൾക്ക് ₹30000/-യാണ് നൽകിയിരുന്നതെന്നും സുലേഖ സോഫ്റ്റ് വെയറിൽ മേൽ ഉത്തരവ് 11/2019വരെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 14-02-2018 ലെ സ.ഉ(കൈ) 22/2018 നമ്പർ പുതുക്കിയ ഉത്തരവ്

അപ്ഡേറ്റ് ചെയ്യാത്തതിനാലാണ് വീഴ്ച വന്നതെന്നുമാണ് മറുപടിയിൽ ബോധിപ്പിച്ചിരിക്കുന്നത്. പട്ടിക വർഗ്ഗത്തിൽ ഉൾപ്പെടുന്ന ദരിദ്രരായ ബിരുദ വിദ്യാർത്ഥികൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത് എന്നതുകൊണ്ടും ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിച്ചിട്ടുണ്ട് എന്നത് കണക്കിലെടുത്തും അധികം കൈപ്പറ്റിയ തുക തിരികെ ഈടാക്കാനുള്ള പ്രയാസം നിർവ്വഹണ ഉദ്യോഗസ്ഥയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റും വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിലും ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

### 1-18 ആശ്രയ പദ്ധതി-കൈമാറി കിട്ടിയ പണം ചെലവഴിച്ചില്ല.

| | |
|---|---|
| നിർവ്വഹണം | അസി.സെക്രട്ടറി |
| പദ്ധതി നം | 19/2019 |
| പദ്ധതി | ആശ്രയ ഭവന പദ്ധതി |
| അടങ്കൽ | ₹8,00,000/- |
| ബിൽ നം | 3/2018-19 തീ 30.07.2018 |
| തുക | ₹8,00,000/- |

ആശ്രയ ഭവന പദ്ധതിക്കായി ₹800000/- പിൻവലിച്ച് യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയുടെ കൊന്നത്തടി ശാഖയിലെ കുടുംബശ്രീയുടെ 71326 നമ്പരായുള്ള അക്കൗണ്ടിൽ 31.07.2018 ൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയിൽ നിന്നും നാളിതുവരെയും ഒരു ചെലവും ഉണ്ടായിട്ടില്ല എന്ന് കാണുന്നു. 31.10.2019 ൽ ഈ അക്കൗണ്ടിൽ ₹33,44,992/- നീക്കിയിരിപ്പുള്ളതായി കാണുന്നു. ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട പണം നിഷ്ക്രിയമായി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ഉചിതമല്ല. പാവപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും പ്രാദേശിക പ്രത്യേകതകളുള്ള ഉചിതമായ പരിപാടികൾ കണ്ടെത്തി നടപ്പാക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

### 1-19 ജലസേചന പമ്പ് സെറ്റ് വിതരണം-സർക്കാലർ ഉത്തരവ് പാലിച്ചില്ല. ₹ 2,52,000/- യുടെ ചെലവ് തടസ്സം

| | | | |
|---|---|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ | | |
| പദ്ധതി നം | 40/2019 | | |
| പദ്ധതി | ജലസേചന പമ്പ് സെറ്റ് വിതരണം | | |
| അടങ്കൽ | വികസന ഫണ്ട്-പൊതു വിഭാഗം | ₹ | 600000 |
| | ഗുണഭോക്തൃ വിഹിതം- നേരിട്ട് | ₹ | 600000 |
| | ആകെ | ₹ | 1200000 |

ഗ്രാമപഞ്ചായത്തിലെ ചെറുകിട നാമമാത്ര കർഷകർക്ക് ജലസേചന സൗകര്യത്തിന് പമ്പ്സെറ്റ് വാങ്ങുന്നതിന്

ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണിത്. ഗുണഭോക്താക്കൾ നേരിട്ട് പമ്പ് സെറ്റുകൾ വാങ്ങുകയും ധനസഹായ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുകയുമാണ് ചെയ്തിരിക്കുന്നത്. ചെറുകിട നാമമാത്ര കർഷകർക്ക് പമ്പ് സെറ്റിന് ധനഹായം നൽകുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ (കൈ) 22/2018 ഖണ്ഡിക 6.1 (14) ന് പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ താഴെ പരാമർശിക്കുന്ന ഗുണഭോക്താക്കൾ ചെറുകിട നാമമാത്ര കർഷകരാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

| ബിൽ നം : 02/2018-19 തി:24.11.2018 തുക ₹195500/- | | |
|---|---|---|
| ക്രമനം | ഗുണഭോക്താവ് | നല്കിയ സബ്സിഡി ₹ |
| 1 | എ.ആർ ജയൻ, ആൽപ്പാറയിൽ | 7500 |
| 2 | ജോബി അഗസിറ്റ്യൻ, പേടിക്കാട്ടുകുന്നേൽ | 9000 |
| 3 | കെ.എൻ സുരേഷ്, കരിമ്പനാനിക്കൽ | 4500 |
| 4 | സിനി മൈക്കിൾ, പൊരിമറ്റത്തിൽ | 4000 |
| 5 | ലൈല മണിലാൽ, തെക്കേൽ | 8500 |
| 6 | ജോസഫ്, പെരുംതടത്തിൽ | 8000 |
| 7 | കെ.കെ മിനി, പെരുംതടത്തിൽ | 5000 |
| 8 | പ്രസന്ന സജി, തവളയാങ്കൽ | 6000 |
| 9 | ആശ മോഹനൻ, തേക്കിലക്കാട്ടിൽ | 7000 |
| 10 | ഷീന സോബി, കാനത്തിൽ | 10000 |
| 11 | സുധർമ്മിണി രാജു, മണലേൽ | 4500 |
| 12 | സലൻകുമാരി, വരകുകാലായിൽ | 10000 |
| 13 | സലില രാജൻ, വേലയിൽ | 4000 |
| 14 | രാരിച്ചൻ എബ്രഹാം, മുണ്ടയ്ക്കൽ | 9000 |

| | | |
|---|---|---|
| 15 | അനിത ഫിലിപ്പ് ആട്ടുകൊല്ലിൽ | 7500 |
| 16 | സോളി, ശാശ്ശേരിയിൽ | 7500 |
| 17 | സെലിൻ ടോമി, ഓടയ്ക്കൽ | 6000 |
| | **ബിൽ നം : 12/2018-19 തീ:20.03.2019 തുക ₹2,32,500/-** | |
| 18 | ലില്ലി ജോസ് പാറയ്ക്കൽ | 6000 |
| 19 | സജി വർഗ്ഗീസ്, പാറക്കാട്ടിൽ | 7500 |
| 20 | ഇ.കെ സുധാകരൻ | 3500 |
| 21 | കോമളവല്ലി ജനാർദ്ദനൻ, ചാത്തൻമലയിൽ | 5000 |
| 22 | പി.ഒ റെജി, പുരയിടത്തിൽ | 6000 |
| 23 | ലിജീഷ് തോമസ്, പൂങ്കുടിയിൽ | 5000 |
| 24 | വി.ജി രമ,അമ്പാരപ്പിള്ളിൽ | 4000 |
| 25 | ബേബി ജോസഫ്, വാടാത്തുരുത്തൽ | 6000 |
| 26 | ഷാജു മാത്യു, തെക്കേകൈതക്കൽ | 7500 |
| 27 | ഹണി ചാക്കോ, മാടത്താനിയിൽ | 8000 |
| 28 | അവിരാച്ചൻ, മാറാട്ടിൽ | 7500 |
| 29 | എൻ.എസ് സുരേഷ്, നടുക്കുടിയിൽ | 8000 |
| 30 | റോബർട്ട്, പാറേക്കാട്ടിൽ | 8500 |
| 31 | എൻ.ജി സിത്താര, മേട്ടുംപുറത്ത് | 8000 |
| 32 | ഡെയ്സി ബിനു, കരിമ്പനയ്ക്കൽ | 7500 |

| | | |
|---|---|---|
| 33 | തങ്ക സുബ്രഹ്മണ്യൻ, മല്ലപ്പിള്ളി തടത്തിൽ | 8000 |
| 34 | ജോസ്, മുളംചിറ | 8000 |
| 35 | വി.എസ് റെജി, വെള്ളാങ്കൽ | 8000 |
| 36 | എം.വി സിബി, ചിറ്റടിക്കല്ലേൽ | 7000 |
| 37 | വത്സ എബ്രഹാം, കൊല്ലംപറമ്പിൽ | 5000 |
| | **ആകെ** | **252000** |

രേഖകളുടെ അഭാവത്തിൽ മേൽ പരാമർശിക്കുന്ന ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായ തുക ₹252000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-20 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് പദ്ധതി-മാർഗരേഖക്ക് വിരുദ്ധമായി നടപ്പിലാക്കിയത്

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | |
| പദ്ധതി നം | 33/2019 | |
| പദ്ധതി | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | |
| അടങ്കൽ | ₹1500000/- (ഗ്രാമപഞ്ചായത്ത് ഫണ്ട്) | |
| | ₹1100000/- (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്) | |
| | ₹1000000/- (ജില്ല പഞ്ചായത്ത് ഫണ്ട്) | |
| ബിൽ നം 1മുതൽ 36 വരെ | ₹1500000/- (ഗ്രാമപഞ്ചായത്ത് ഫണ്ട്) | |
| ചെ നം 6323870 23.01.2019 | ₹262374 | (ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്) |
| ചെ നം 6323871 23.01.2019 | ₹399092 | |
| ചെ നം 6323872 23.01.2019 | ₹176431 | |
| ചെ നം 6323873 23.01.2019 | ₹262103 | |
| ചെ നം 6323874 23.01.2019 | ₹278587 | (ജില്ലാ പഞ്ചായത്ത് ഫണ്ട്) |
| ചെ നം 6323875 23.01.2019 | ₹228833 | |
| ചെ നം 6323876 23.01.2019 | ₹257462 | |
| ചെ നം 6323877 23.01.2019 | ₹235118 | |

ഗ്രാമപഞ്ചായത്തിൽ ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് നൽകുന്നതിനായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുമായി സഹകരിച്ച് സംയുക്തപ്രോജക്ടായി നടപ്പാക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത്. ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ഒരു ലിറ്റർ പാലിന് ₹4/- എന്ന തോതിൽ ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് കർഷകർക്ക് സബ്സിഡി നൽകുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14-02-2018 ലെ സർക്കാർ ഉത്തരവ് നമ്പർ 22/2018 ഖണ്ഡിക 6.2.8 പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ക്ഷീരവികസനവകുപ്പിൽ നിന്നും ലിറ്ററൊന്നിനുള്ള തുക ₹1/- വകയിരുത്താതെ ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയിൽ നിന്നും ₹4/-വകയിരുത്തിയാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ആയതിനാൽ ₹9,00,000/- ((1500000+1100000+1000000)/4) പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് ഉണ്ടായതായി കാണുന്നു. (പ്രസ്തുത തുക ക്ഷീരവികസനവകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക്, ആനുപാതിക തുക ജില്ല/ബ്ലോക്ക് പഞ്ചായത്തുകളിലേയ്ക്ക് തിരിച്ചടവാക്കേണ്ടതാണ്.) ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതെ ക്ഷീരവികസന വകുപ്പിൽ നിന്ന് തുക ലഭ്യമാക്കി സബ്സിഡി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-21 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമാക്കാത്തത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| പ്രോജക്ട് നമ്പർ | 74/2018-2019 |
| ബിൽ നം/തീയതി/തുക | 01/18-19/29-11-18 ₹200000/- |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി മേൽ സൂചിത ബിൽ പ്രകാരം ₹2,00,000/- പിൻവലിച്ച് മാനേജിംഗ് ഡയറക്ടർ, ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ആലപ്പുഴയുടെ പേരിലുള്ള എസ്.ബി.ഐ അക്കൗണ്ട് നമ്പർ 34306403911 ലേക്ക് 29-11-2018 ൽ നൽകിയിട്ടുണ്ടെങ്കിലും ₹1,47,790/-യുടെ മരുന്ന് മാത്രമേ ഓഡിറ്റ് തീയതി വരെ ലഭിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന ₹52,210/-യുടെ മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-22 കാർഷിക മേഖല-ഗുണഭോക്താക്കളുടെ കൈവശ ഭൂമി - ഇളവ് ഉത്തരവ് ലഭ്യമാക്കുന്നത് സംബന്ധിച്ച്.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി താഴെ പരാമർശിക്കുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പദ്ധതി നം & പദ്ധതി | ചെലവ് വിവരം | | |
|---|---|---|---|---|
| | | വികസന ഫണ്ട് ₹ | ഗുണഭോക്തൃ വിഹിതം ₹ | ആകെ ₹ |
| 1 | 241/2019 പച്ചക്കറി തൈ വിതരണം | 234800 | | 234800 |
| 2 | 37/2019 തെങ്ങിൻ തൈ വിതരണം | 93496 | 37440 | 130936 |

| | | | | |
|---|---|---|---|---|
| 3 | 37/2019 DxT തെങ്ങിൻ തൈ വിതരണം | 88536 | 34560 | 123096 |
| 4 | 1/2019 ഹരിതം (കുടുംബശ്രീ സംഘങ്ങൾക്ക് പച്ചക്കറി വിത്ത്, തൈ വിതരണം | 352800 | | 352800 |
| | **ആകെ** | **769632** | **72000** | **841632** |

ചെറുകിട / നാമമാത്ര കർഷകർ, പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ, വ്യക്തികൾ, പുരുഷ സ്വയം സഹായ സംഘങ്ങൾ, തരിശ് ഭൂമി കൃഷിക്കാർ എന്നിവർക്ക് സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ വിത്തും വളവും നൽകുന്നതിനാണ് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ 22/2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ പരാമർശിത പദ്ധതികളുടെ നിർവ്വഹണത്തിൽ സ്ഥലവിസ്തൃതി സംബന്ധിച്ച ഈ നിബന്ധന പാലിച്ചിട്ടില്ല. ഈ ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്ര പരമായ പ്രത്യേകതകളും പട്ടയ വിതരണം സംബന്ധിച്ച വസ്തുതയും കാർഷിക പദ്ധതികൾക്ക് ഏറെ സ്വാധീനമുള്ള ഒരു മേഖലയാണ് ഈ പ്രദേശമെന്നും സർക്കാരിന്റെ സമഗ്ര ശ്രദ്ധയിൽ പെടുത്തി, ഈ ഗ്രാമപഞ്ചായത്തിൽ നടത്തിയതും വരും വർഷങ്ങളിൽ നടത്താനുദ്ദേശിക്കുന്ന വിവിധ കാർഷിക പദ്ധതികൾക്കും, ഗുണഭോക്താക്കളുടെ സ്ഥലത്തെ സംബന്ധിച്ച ഇളവിന് സർക്കാരിൽ നിന്നും ഒരു ഇളവ് ഉത്തരവ് ലഭ്യമാക്കി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

### 1-23 ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല.

13.01.2010 ലെ സർക്കുലർ നമ്പർ 58608/ഡി.ബി 2/2009 ത.സ്വ.ഭവ പ്രകാരം ആസ്തിരജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തിരജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര

നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-24 വീട് പുനരുദ്ധാരണം- വേല പൂർത്തിയാക്കിയില്ല

നിർവ്വഹണം : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

വിവിധ ഭവന പുനരുദ്ധാരണ പദ്ധതികൾക്ക് മുൻകൂർ നൽകിയെങ്കിലും താഴെ പറയുന്ന ഗുണഭോക്താക്കൾ വേല പൂർത്തീകരിച്ചില്ല. വിശദാംശം താഴെ നൽകുന്നു.

| ക്രമനം | പദ്ധതി നം & പദ്ധതി | ബിൽ നം തീയതി തുക | ഗുണഭോക്താവ് | നൽകിയ തുക ₹ |
|---|---|---|---|---|
| 1 | 41/2019<br>വീട് വാസയോഗ്യമാക്കൽ<br>(പൊതു വിഭാഗം) | 42/2018-19<br>തീ: 28.01.2019<br>₹240000 | ശ്രീമതി മേരി ജോസഫ്,<br>ചിറക്കൽ | 40000 |
| 2 | 53/2019<br>വീട് വാസയോഗ്യമാക്കൽ<br>(എസ്.സി വിഭാഗം) | 42/2018-19<br>തീ: 28.01.2019<br>₹200000 | ശ്രീമതി തങ്കമ്മ,<br>തണ്ടേൽ പുത്തൻ പുരയിൽ | 45000 |

ഗുണഭോക്താക്കളുടെ ഭവനം വാസയോഗ്യമാക്കി സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ചുള്ള ധനസഹായ തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവനപുനരുദ്ധാരണ വേല പൂർത്തീകരിക്കുന്നില്ലായെങ്കിൽ നൽകിയ തുക ഗുണഭോക്താക്കളിൽ നിന്നും നിയമാനുസൃത പലിശ സഹിതം ഈടാക്കി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

### 1-25 എച്ച്.എം.സി.-വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1)

പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31-നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (പി.എച്ച്.സി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

### 1-26 അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചില്ല.

സ്പിൽഓവർ പ്രോജക്ടായി ഉൾപ്പെടുത്തി മുക്കടം അങ്കണവാടി, കാറ്റാടിപ്പാറ അങ്കണവാടി എന്നീ രണ്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വിഹിതമായി ₹200000/- വീതം ആകെ ₹400000/-പൊതുമരാമത്ത് വകുപ്പിൽ തൻവർഷം അടച്ചിരിക്കുന്നു.

| പ്രോജക്ട് | മുക്കടം അങ്കണവാടി നിർമ്മാണം | കാറ്റാടിപ്പാറ അങ്കണവാടി നിർമ്മാണം |
|---|---|---|
| പ്രോജക്ട് നം | 18/19 | 214/18 |
| അടങ്കൽ | ₹ 200000/- | ₹200000/- |
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |
| ബിൽ നം | 16/19.02.2019 ₹180000/- | 17/19.02.2019 ₹180000/- |

മേൽ തുകകൾ കൂടാതെ തനത് ഫണ്ടിൽ നിന്ന് രണ്ട് പദ്ധതികൾക്കുമായി ₹200000/- വീതം ആകെ ₹40000/- (ചെക്ക് നം 4678/22.12.2018) ഒടുക്കിയിരിക്കുന്നു. 2017-18 വർഷം ചെലാൻ നം.KL008288601201718M പ്രകാരം ഈ രണ്ട് പദ്ധതികൾക്കുമായി ഒടുക്കിയ ₹760000/- ഉൾപ്പെടെ ആകെ നൽകിയിരിക്കുന്ന തുക ₹1160000/- (2017-18- ₹760000/-, 2018-19-₹400000/-) ആണ്. എന്നാൽ നാളിതുവരെയായി അങ്കണവാടി നിർമ്മാണ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം നാളിതുവരെയായി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 2018-19 വർഷം രണ്ട് പദ്ധതികൾക്കുമായി ഒടുക്കിയ ₹400000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-27 പി.എം എ വൈ വിഹിതം വിനിയോഗസാക്ഷ്യപത്രം -ലഭിച്ചില്ല.

തൻവർഷം രണ്ട് പദ്ധതികളുടെ പി.എം.എ.വൈ വിഹിതമായി ₹8,55,000/- ബ്ലോക്ക് പഞ്ചായത്തിന് നൽകിയിരിക്കുന്നു. ഇവയുടെ വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായി ലഭിച്ചിട്ടില്ല. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് | പി.എം എ വൈ വിഹിതം | പി.എം എ വൈ വിഹിതം (സ്പിൽ ഓവർ) |
|---|---|---|

| പ്രോജക്ട് നം | 237/19 | 177/19 |
|---|---|---|
| അടങ്കൽ | ₹595000 | ₹260000 |
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |
| ബിൽ നം | 20/11.03.19 ₹ 595000/- | 19/11.03.2019 ₹260000/- |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഈ രണ്ട് പദ്ധതികൾക്കുമായുള്ള ₹855000/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-28 ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ നടപ്പാക്കിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾക്ക് സ്വകാര്യ വ്യക്തികളുടെ ആവശ്യപ്രകാരം തനത് ഫണ്ടിൽ നിന്ന് ₹19800/-ചെലവഴിച്ചിരിക്കുന്നു. സ്വകാര്യ വ്യക്തികളുടെ ആസ്തികൾ സംരക്ഷിക്കുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നത് ക്രമവിരുദ്ധമായ നടപടിയാണ്. ജി.ഒ(എം.എസ്)107/98 /ത.സ്വ.ഭ.വ തീ.27.05.98 പ്രകാരം അനുവദനീയമായ കണ്ടിജന്റ് ചെലവുകൾക്കായിട്ടല്ല ₹19800/- വിനിയോഗിച്ചിട്ടുള്ളത്. വിശദവിവരം **ഖണ്ഡിക 3-1ൽ** ഉൾപ്പെടുത്തിയിരിക്കുന്നു.

### 1-29 സാമൂഹ്യസുരക്ഷ പെൻഷൻ വിതരണത്തിലെ അപാകതകൾ.

തൻവർഷം അനുവദിച്ച വിവിധ സാമൂഹ്യസുരക്ഷപെൻഷനുകളുടെ വിവരവും പെൻഷൻ അപേക്ഷകളിലെയും പെൻഷൻ അനുവദിച്ചതിലെയും അപാകതകൾ താഴെ ചേർക്കുന്നു.

**I. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ**

87പേർക്ക് തൻവർഷം പെൻഷൻ നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ തൻവർഷം ₹4125600/- ചെലവഴിച്ചിരിക്കുന്നു.

1.തൻവർഷം ഈ ഇനത്തിൽ 24 അപേക്ഷകൾ ലഭിച്ചിരിക്കുന്നു.രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി ഉൾപ്പെടുത്തുന്നില്ല. കൂടാതെ അപേക്ഷകളിൽ നിന്നും പെൻഷൻ അനുവദിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

2. അന്വേഷണ റിപ്പോർട്ടിൽ വിവരങ്ങൾ വിശദമായി ഉൾപ്പെടുത്തുന്നതിനുപകരം 'പെൻഷന് പരിഗണിക്കാവുന്നതാണ് 'എന്ന ശുഷ്കമായ ഒരു ശുപാർശ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

**II.വിധവാപെൻഷൻ**

ഈ ഇനത്തിൽ തൻവർഷം ₹9365600/- ചെലവഴിച്ചിരിക്കുന്നു.തൻവർഷം ലഭിച്ച 44അപേക്ഷകളും തീർപ്പാക്കിയിരിക്കുന്നു.

**അപാകതകൾ**

അന്വേഷണ ഉദ്യോഗസ്ഥനായ ഐ സി ഡി എസ് സൂപ്പർവൈസർ വിശദമായ റിപ്പോർട്ട് നൽകുന്നില്ല. അപേക്ഷകന്

2 ഏക്കറിൽ കൂടുതൽ സ്ഥലമുണ്ടോ,1200ച.അടിയിൽ കൂടതൽ വിസ്തീർണ്ണമുള്ള വീടുണ്ടോ പ്രായപൂർത്തിയായ ആൺമക്കളുള്ള അപേക്ഷകരുടെ കാര്യത്തിൽ പോലും അവരുടെ സംരക്ഷണത്തിലല്ല എന്നിങ്ങനെയുള്ള കാര്യങ്ങൾ റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല. പ്രായപൂർത്തിയായ ആൺമക്കളുള്ളവരുടെ കാര്യത്തിൽ അവരുടെ സംരക്ഷണം ലഭിക്കുന്നില്ലെങ്കിൽ മാത്രമാണ് പെൻഷൻ അനുവദിക്കാവുന്നത്.റേഷൻ കാർഡ് പ്രകാരം പ്രായപൂർത്തിയായ ആൺമക്കളുടെ കൂടെ താമസിക്കുന്നവർക്ക് പോലും അവരുടെ സംരക്ഷണത്തില്ല എന്ന സ്വയം സാക്ഷ്യപ്പെടുത്തലോ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടോ കൂടാതെ പെൻഷൻ അനുവദിച്ചിരിക്കുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷണറുടെ പേര് | റേഷൻ കാർഡ് നം | പ്രായ പൂർത്തിയായ ആൺമക്കൾ |
|---|---|---|---|
| 1 | സുമതി കണക്കൻചേരി | 1674028197/15.03.2017 | 1.പ്രസ്റ്റീജ് 38 വയസ് (സഹകരണസ്ഥാപനത്തിൽ ജോലിചെയ്യുന്നു)<br>2.അരുൺ രാജ് 33വയസ് |
| 2 | ശാന്ത ദിവാകരൻ | 1674040062/15.03.2017 | 1.ദീപക് പി ഡി 32വയസ് |
| 3 | ഷൈനി എൽദോ കാരക്കുന്നേൽ | 1674033651/15.03.2017 | ബേസിൽ 27 വയസ്(പ്രവാസി) |
| 4 | വൽസ ചാക്കോ മരങ്ങാട്ടിൽ | റേഷൻ കാർഡ് പകർപ്പ് ഇല്ല | അപേക്ഷ പ്രകാരം-അനീഷ് 32 വയസ്<br>സനീഷ് 30വയസ് |
| 5 | ഉഷ കുമാരൻ പാച്ചോലിൽ | 1674027895/29.11.18 | പ്രവീൺ 36 വയസ് |
| 6 | ഏലിയാമ്മ ദേവസ്യ വടക്കുംപറമ്പിൽ. | 1674044674/15.03.2017 | ജോമി ദേവസ്യ 26വയസ്<br>ഡൊമിനിക് ദേവസ്യ 25വയസ് |
| 7 | റോസമ്മ ജോസഫ് തൊട്ടിയിൽ | 167402946/15.03.19 | സേവ്യർ ജോസഫ് 37 വയസ്<br>ജോസഫ് റ്റി 35<br>ജയ്സൺ 31 |
| 8 | റോസമ്മസ ദേവസ്യ | 16740500005/15.03.17 | ബിജുമോൻ 39 |

| | | | |
|---|---|---|---|
| | തോട്ടങ്കൽ | | ബിന ദേവസ്യ 31 |

**III.കർഷക തൊഴിലാളി പെൻഷൻ.**

ഈ ഇനത്തിൽ തൻ വർഷം ചെലവഴിച്ചിരിക്കുന്ന തുക ₹7487200/- ആണ്. ഉൻവർഷം ലഭിച്ച 17 അപേക്ഷകളും അംഗീകരിച്ചിരിക്കുന്നു. ഗുണഭോക്താക്കൾ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിടുതൽ ചെയ്തതിന്റെ സാക്ഷ്യപത്രവും കുടുംബത്തിന് രണ്ട് ഏക്കറിൽ താഴെ മാത്രമാണ് സ്ഥലം എന്നതിന്റെയും രേഖകൾ ഇല്ലാതെ എല്ലാവർക്കും പെൻഷൻ അംഗീകരിച്ച് നൽകിയിരിക്കുന്നു.

**IV. വാർദ്ധക്യകാല പെൻഷൻ**

ഈ ഇനത്തിൽ തൻ വർഷം ചെലവഴിച്ചിരിക്കുന്ന തുക ₹31242500/- ആണ്. തൻവർഷം ലഭിച്ച 239 അപേക്ഷകളും തീർപ്പാക്കിയിരിക്കുന്നു. 152പേർക്ക് പെൻഷൻ അംഗീകരിച്ച് നൽകിയിരിക്കുന്നു. കുടുംബത്തിന്റെ പേരിൽ രണ്ട് ഏക്കറിൽ താഴെയാണ് സ്ഥലം എന്നതിന്റെയും വിശദമായ അന്വേഷണ വിവരവും അന്വേഷണ ഉദ്യോഗസ്ഥനായ **വി.ഇ.ഒ** റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നില്ല. പ്രായപൂർത്തിയായ ആൺമക്കളുള്ളവരുടെ കാര്യത്തിൽ അവരുടെ സംരക്ഷണം ലഭിക്കുന്നില്ലെങ്കിൽ മാത്രമാണ് പെൻഷൻ അനുവദിക്കാവുന്നത്. 20 അപേക്ഷകൾ വിശദമായി പരിശോധന നടത്തിയതിൽ 15 പേരും റേഷൻ കാർഡ് പ്രകാരം പ്രായപൂർത്തിയായ ആൺ മക്കളുടെ കൂടെയാണ് താമസം.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര് | റേഷൻ കാർഡ് നം | പ്രായ പൂർത്തിയായ ആൺമക്കൾ |
|---|---|---|---|
| 1 | ശാന്തമ്മ | 1674017977 | സുനിൽ- 36 |
| 2 | പി കെ കുമാരി | 1674028355 | അരുൺകുമാർ കെ എസ്-35 |
| 3 | ഓമന രവീന്ദ്രൻ | 1674032027 | രതീഷ്-31 |
| 4 | മേരി ബേബി കുളപ്പുറത്ത് | 1674038376 | ജിജോമോൻ -28 |
| 5 | അലിയാർ പി എം | 1674026085 | റഷീദ് 29 |
| 6 | മേരി മത്തായി | 1674031869 | മനോജ്- 37<br>ജോസഫ്-35 |
| 7 | റോസക്കുട്ടി വർഗീസ് | 1674029260 | ജയിൻ വർഗീസ്-33<br>ഷാജൻ-30 |
| 8 | ഫിലോമിന മത്തായി | 1674017632 | ലിജോ-36<br>ലിന്റോ-34 |

| | | | |
|---|---|---|---|
| 9 | സോമൻ കെ ആർ | 1674040270 | അരുൺകുമാർ എസ്-25 |
| 10 | ലീലാമ്മ ക്ലാക്കിയിൽ വീട് | 1674018717 | സനോജ്-34 |
| 11 | ടോമി തോമസ് | 167404007 | റോബിൻസ്- 30 |
| 12 | മേരി ജോസഫ് | 1674043007 | ജോമോൻ ജോസഫ്-33<br>ജോബി ജോസഫ്-33 |
| 13 | അന്നക്കുട്ടി ചക്കാലയിൽ | 1674018023 | തോമസ് - 35 |
| 14 | ദിവാകരൻ പൊട്ടനാനിക്കൽ | 1674018570 | രതീഷ്- 29 |
| 15 | ആലീസ് കോട്ടയ്ക്കൽ | 1674019375 | ഷൈജു.-39 |

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ സാമൂഹ്യ സുരക്ഷ പെൻഷൻ കൈപ്പറ്റുന്ന എല്ലാവരുടെയും അർഹത പുനപരിശോധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-30 കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നില്ല.**

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് ഗ്രാമപഞ്ചായത്ത് റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയത്. 29-3-2017-ലെ ജി.ഒ (എം.എസ്)72/2017/ എൽ.എസ്.ജി.ഡി. പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10 (1) പ്രകാരം, പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. പഞ്ചായത്ത് തൻവർഷം നടപ്പാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള റോഡ് പ്രവർത്തികളിൽ സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവർത്തികൾ നടപ്പിലാക്കുന്നത് മൂലം ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല. പദ്ധതികൾ നടപ്പാക്കിയത് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിലല്ല . കണക്ടിവിറ്റി മാപ്പില്ലാതെയും വ്യക്തമായ ചെയിനേജ് ഇല്ലാതെയും ഇത്തരത്തിൽ പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും പ്രവർത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനും പാഴ്ചെലവുണ്ടാകുന്നതിനും സാഹചര്യം ഉണ്ടാക്കുന്നു. കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

**2-0 ഭാഗം 2 . വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ-ഇല്ല**

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

**3-1 ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ നടപ്പാക്കിയിരിക്കുന്നു.**

ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾക്ക് സ്വകാര്യ വ്യക്തികളുടെ ആവശ്യപ്രകാരം തനത് ഫണ്ടിൽ നിന്ന് ₹19800/- ചെലവഴിച്ചിരിക്കുന്നു. സ്വകാര്യ വ്യക്തികൾക്ക് ആസ്തികളുണ്ടാക്കുന്നതും സംരക്ഷണം നടത്തുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതും ക്രമവിരുദ്ധമായ നടപടിയാണ്. ജി.ഒ.(എം.എസ്)107/98/ത.സ്വ.ഭ.വ തീ.27.05.1998 പ്രകാരം അനുവദനീയമായ കണ്ടിജന്റ് ചെലവുകൾ ഉൾപ്പെട്ടവയല്ല താഴെപ്പറയുന്ന ചെലവുകൾ.

| ക്രമ നം. | വൗച്ചർ നം /തീയതി/തുക | തുക നൽകിയ ആവശ്യം |
|---|---|---|
| 1 | 2180049/18.04.2018<br>ചെക്ക്നം.21260/18.04.2018<br>₹10000 | വടക്കേപറമ്പിൽ കുടിവെള്ള പദ്ധതി എന്ന സ്വകാര്യ പദ്ധതിക്കായി 8 വ്യക്തികൾ ചേർന്ന് ആവശ്യപ്പെട്ടതനുസരിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 29.01.2018ലെ XVII(1) നമ്പർ തീരുമാന പ്രകാരം 2000 ലിറ്റർ വാട്ടർ ടാങ്ക് വാങ്ങുന്നതിനായി ബേബി ജോസഫിന് തുക അനുവദിച്ചിരിക്കുന്നു. എക്സിറ്റ് മീറ്റിംഗിൽ ഇത് സ്വകാര്യ വ്യക്തികളുടെ പദ്ധതി അല്ല പഞ്ചായത്ത് മുൻപ് നടപ്പാക്കി ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ച പദ്ധതിയാണ് എന്ന വാക്കാലുള്ള മറുപടി ലഭിച്ചു. ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല എന്നതിനാലും പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(കൈ.)നം.11/18/ ത.സ്വ.ഭ.വ ഖണ്ഡിക-7.1.1.(ബി) പ്രകാരം ഗുണഭോക്തൃ സമിതിയെ ചുമതലപ്പെടുത്തിയ പദ്ധതികളുടെ തുടർ നടത്തിപ്പും സംരക്ഷണവും പരിപാലനവും ഗുണഭോക്തൃ സമിതിയുടെ ചുമതലയായതിനാലും ഈ മറുപടി അംഗീകരിക്കുന്നില്ല. |
| 2. | 21800186/21.06.18<br>ചെക്ക് നം. 21526/21.06.18<br>₹9800 | പഞ്ചായത്ത് കമ്മറ്റിയുടെ 4.04.2018ലെ 10(1) നമ്പർ തീരുമാന പ്രകാരം വാർഡ്. 8 ലെ ഉദയ വയോജന ക്ലബ്ബിന് വയറിംഗ് നടത്തി വൈദ്യുതി ലഭ്യമാക്കുന്നതിന് ₹10000/- നൽകാൻ തീരുമാനിച്ചിരിക്കുന്നു. വയറിംഗ് നടത്തി വൈദ്യുതി ലഭ്യമാക്കുന്നതിന് പകരം നിലവിലുള്ള ലൈബ്രറി കെട്ടിടത്തിന് മുകളിൽ |

| | | |
|---|---|---|
| | | റൂഫിംഗ് നടത്തുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിരിക്കുന്നു. പ്രസ്തുത ക്ലബ് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതല്ല. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലല്ലാത്ത ലൈബ്രറികളുടെ പശ്ചാത്തല സൗകര്യം ഒരുക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയല്ല. |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നം. 11/22.11.2019 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ ഇനത്തിലെ ₹19800/- ന്റെ ചെലവ് അംഗീകരിക്കുന്നില്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14.6.2019 മുതൽ<br>15.6.2019 വരെ | കെ എസ് എ-ഐ ഡി കെ-3/52/19(22)<br>തീയതി:16.08.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | പാലിയേറ്റീവ് കെയർ | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2260398 | ലൈഫ് ഭവന പദ്ധതി | 2260398 | 0 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1100000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 847700 | 252300 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 3117262 | ജവഹർഭവന പദ്ധതി | 3117262 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1000000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 1000000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| പി ഡബ്ല്യൂ ഡി | മുക്കടം അങ്കണവാടി വിഹിതം നൽകൽ | 21800664 | 200000 | 0 | 200000 |
| പി ഡബ്ല്യൂ ഡി | കാറ്റാടിപ്പാറ അങ്കണവാടി വിഹിതം നൽകൽ | 21800665 | 200000 | 0 | 200000 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹28448078/- വരവുണ്ട്. ലഭിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹) | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ (₹) | പലിശ (₹) | |
| ഇ എം എസ് ലോൺ തിരിച്ചടവ് | ജി ഒ(എം.എസ്) 229/10/എൽ എസ് ജി ഡി തീയതി 21.10.2010 | 15074750 | 838535 | 838535 | 0 | 0 |
| ജവഹർ ഭവന പദ്ധതി | 299564/ ഡി ബി യ 15/ എൽ.എസ്.ജി.ഡി. തീയതി:01.10.2015 | 36000000 | 28284198 | 4000000 | 2459546 | 24284198 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്.) 124/2018 എൽ.എസ്.ജി.ഡി. തീയതി.11.09.2018 | 27988078 | 27988078 | 0 | 0 | 27988078 |

### 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹500000 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | ₹8750 |
| ആകെ | ₹508750 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹508750 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക ₹ | റിമാർക്സ് |
|---|---|---|---|---|---|
| 1 | പഞ്ചായത്ത് എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം | 14.6.2018 | 1വർഷം | 508750 | - |
| | | | ആകെ | 508750 | - |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹3568/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-6 | 3372 | ശ്രീ എം എൻ ഹരികുമാർ, സെക്രട്ടറി | 118030100761 / 2.6.2018 |
| 2014-15 | 2-3(a) | 72 | ശ്രീമതി ഇ കെ തങ്കമണി, ക്ലർക്ക് | 118120101230 / 18.12.2018 |
| 2014-15 | 2-3(a) | 100 | ശ്രീമതി ജ്യോതിലക്ഷ്മി കുട്ടപ്പൻനായർ, അക്കൗണ്ടന്റ് | 118120101231 / 18.12.2018 |
| 1998-99 | 2 (21) | 4 | ശ്രീമതി വി അന്നമ്മ, സീനിയർ ക്ലർക്ക് | 118120101233/ |

| | | | | |
|---|---|---|---|---|
| | | | | 18.12.2018 |
| 1998-99 | 2 (25) | 20 | ശ്രീ.കെ.രവി, സെക്രട്ടറി | 118120101234 / 18.12.2018 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം/ ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1 | 2014-15<br>2-3 | 2016-17 | അനുബന്ധം-3 | വസ്തുനികുതി അപാകതകൾ | - |
| 2 | 2015-16<br>2-4 | 2016-17 | അനുബന്ധം-4 | വസ്തുനികുതി അപാകതകൾ | - |
| 3 | 2015-16<br>2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി സംബന്ധിച്ച് | - |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

<u>(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാ സമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെട്ട ത്തിയി ട്ടുണ്ടോ | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക, തീയതി | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേ ഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാ ക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1999-00 | 26 | കെ. രവി, സെക്രട്ടറി | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി.2/ 2003, 20.08.04/ 22.09.04 | 36768 | 0 | | 0 | 0 | 0 | 0 | 36768 | - |

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1998-99 | 31, 32, 34 | കെ. രവി സെക്രട്ടറി | എൽ.എഫ്. 22661/ സ്പ്പെ.സെൽ എസ്.സി. 2/2003 20.08.04/ 27.04.03 | 2622 | 0 | | 0 | 0 | 0 | 0 | 2622 | ... |
| 2 | 1999-00 | 27,29, 38 (1)& (2) | പി. എസ്. രാജപ്പൻ സെക്രട്ടറി | എൽ.എഫ്. 19234/ സ്പ്പെ.സെൽ എസ്.സി. 2/2003 20.08.04/ 22.09.04 | 6448 | 0 | | 0 | 0 | 0 | 0 | 6448 | ... |
| 3 | 1999-00 | 35, 36 | കെ. രവി സെക്രട്ടറി | എൽ.എഫ്. 19234/ സ്പ്പെ.സെൽ | 20474 | 0 | | 0 | 0 | 0 | 0 | 20474 | ... |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | എസ്.സി. 2/2003, 20.08.04/ 22.09.04 | | | | | | | | | |
| 4 | 1999-00 | 39 | എ. മുരളീധരൻ അസി. എഞ്ചി. | എൽ.എഫ്. 19234/ സ്പെ.സെൽ എസ്.സി. 2/2003, 11.03.2005/ 26.03.2005 | 6828 | 0 | | 0 | 0 | 0 | 0 | 6828 | ... |
| 5 | 2000-01 | 30(3) | വി. എസ്. മുഹമ്മദ് സെക്രട്ടറി | എൽ.എഫ്. 7073/ സ്പെ.സെൽ എസ്.സി. 2/2005, 04.07.2006 | 17520 | 0 | | 0 | 0 | 0 | 0 | 17520 | ... |
| 6 | 2004-05 | 3-11 (part) | കെ. എ. റഷീദ് അസി. എഞ്ചി. | എൽ.എഫ്. 18560/ സ്പെ.സെൽ എസ്.സി. 2/2008, 06.02.2010 | 3608 | 0 | | 0 | 0 | 0 | 0 | 3608 | ... |
| 7 | 2004-05 | 3-11 (part) | കെ. സുധാകരൻ അസി. എഞ്ചി. | എൽ.എഫ്. 18560/ സ്പെ.സെൽ | 3608 | 0 | | 0 | 0 | 0 | 0 | 3608 | ... |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | എസ്.സി. 2/2008, 21.11.2009 | | | | | | | | | |
| 8 | 2005-06 | 3-1, 3-2 | സി. ജി. ചന്ദ്രമോഹൻ സെക്രട്ടറി | എൽ.എഫ്. 17882/ സ്പെ.സെൽ എസ്.സി. 2/2009, 18.01.2011 | 23055 | 0 | | 0 | 0 | 0 | 0 | 23055 | ... |
| 9 | 2005-06 | 3-7 | എ. സോമൻ സെക്രട്ടറി | എൽ.എഫ്. 17882/ സ്പെ.സെൽ എസ്.സി. 2/2009 18.01.2011 | 8520 | 0 | | 0 | 0 | 0 | 0 | 8520 | ... |

## 4-10 ഓഡിറ്റ് സംക്ഷിപ്തം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹126422659 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹121742432 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹19800 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1550500 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 19800 | ശ്രീ.കെ.സന്തോഷ്,സെക്രട്ടറി. |

| | | |
|---|---|---|
| | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 43500 | ശ്രീമതി.റ്റി.വി ശ്രീകുമാരി,അസി.സെക്രട്ടറി. |
| 1-19 | 252000 | ശ്രീമതി.കെ.നീതു ചന്ദ്രൻ,കൃഷി ആഫീസർ |
| 1-26 | 400000 | ശ്രീ.എ.വി.അജികുമാർ, സെക്രട്ടറി. |
| 1-27 | 855000 | ശ്രീ.എ.വി.അജികുമാർ, സെക്രട്ടറി. |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

- ഇല്ല -

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക: 1-14

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.സന്തോഷ്,<br>സെക്രട്ടറി. | ലഭ്യമല്ല | അമ്പാട്ട്,<br>പുതുപ്പരിയാരം പി.ഓ,<br>തൊടുപുഴ |
| ശ്രീ.എ.വി.അജികുമാർ,<br>സെക്രട്ടറി. | സെക്രട്ടറി,<br>നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് | സാരംഗി, എടപ്പോൺ<br>ഐരാണിക്കുടി പി.ഒ<br>മാവേലിക്കര |

| | | |
|---|---|---|
| ശ്രീമതി.റ്റി.വി.ശ്രീകുമാരി,<br>അസി.സെക്രട്ടറി. | അസി.സെക്രട്ടറി,<br>കൊന്നത്തടി ഗ്രാമപഞ്ചായത്ത് | ഉദയശ്രീ ഭജനമഠം,<br>നെട്ടങ്ങോല പി.ഓ,<br>പരവൂർ-691334 |
| ശ്രീമതി.കെ.നീതു ചന്ദ്രൻ,<br>കൃഷി ആഫീസർ | കൃഷി ആഫീസർ<br>കൊന്നത്തടി ഗ്രാമപഞ്ചായത്ത് | മോളാംപുറത്ത് വീട്<br>ഇരുമ്പനം പി.ഒ<br>എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ നമ്പർ | അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|
| 1995-96 | LFI-8/138/99/തീ.15.06.99 | 24 | 1, 2, 3, 4, 5, 10,<br>13(1),(2),(3),<br>14 (1, 2, 3, 4, 5),<br>15, 16, 17, 18, 19,<br>20, 21, 22, 23, 24, |
| 1996-97 | LFI-8/225/99/തീ.10.09.99 | 2 | 31(B), 33 |
| 1997-98 | LFI-8/520/01/തീ.02.11.01 | 5 | 24, 25, 26, 27, 29 |
| 1998-99 | LFI-8/521/01/02.11.01 | 22 | 21, 21(C), 22, 23, 24,<br>25, 26, 27, 28, 29, 30,<br>31, 32, 33, 34, 35,<br>36, 37, 38, 39, 40, 41 |
| 1999-00 | LFI-8/28/02/തീ.07.06.03 | 33 | 20, 21(A), (B), |

| | | | |
|---|---|---|---|
| | | | 22(A),(B), (C), (D), (E),<br>23,24, 25, 26, 27, 28, 29,<br>30, 31, 32, 33, 34, 35,<br>36, 37, 38(1),(2), 39,<br>40, 41, 42, 43, 44, 45, 46, |
| 2000-01 | LFI-8/650/02/തീ.01.03.05/<br>05.04.05 | 17 | 20, 21, 22, 23, 24,<br>25(A),(B), 26, 27, 28,<br>29, 30(3),(6),(7),<br>31, 32, 33 |
| 2001-02 | LFI-8/700/04/തീ.28.06.05 | 18 | PART II - 1, 2, 3, 4, 5, 6,<br>7, 8, 9, 10, 12,<br>PART III - 6,7,10,11,<br>12,13,14, |
| 2002-03! | LFI-7/650/06/തീ.12.10.06/<br>04.05.07 | 28 | 2.1(A),(B), 2.2, 2.3, 2.4,<br>2.5, 3.1, 3.2, 3.3, 3.4, 3.5,<br>3.6, 3.7, 3.8, 3.9, 3.10,<br>3.11, 3.12, 3.13, 3.14,<br>3.15, 3.16, 3.17, 3.18,<br>3.19, 3.20, 3.21, 3.22 |
| 2003-04 | LFI-7/658/07/തീ.14.02.08/<br>10.03.08 | 17 | 2.2, 2.3, 2.4(A),(B),(C),(D),<br>2.5(A),(B), 2.6, 3.1, 3.2, |

| | | | |
|---|---|---|---|
| | | | 3.3, 3.4, 3.5, 3.6, 3.7, 3.8, |
| 2004-05 | LFI-7/192/08/തീ.07.08.08/ 15.10.08 | 21 | 2.1(A),(B),(C), 2.2, 2.3 (A),(B), 2.4, 2.5, 2.6, 2.7, 2.8, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11, 3.12, 3.13, 3.14, |
| 2005-06! | LFI-7/143/09/തീ.18.05.09/ 09.10.09 | 23 | 2.1, 2.2, 2.3, 2.4, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10, 3.11, 3.12, 3.13, 3.14 (A,)(B),(C), 3.15(A),(B), 3.16 |
| 2006-07 | LFI-11/520/2010 തീ.03.03.11/31.03.11 | 12 | 2.1, 2-2(1), 2-2(2), 3.1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3 8,3-9, |
| 2007-08 | LFI-11/948/2011 തീ.12.10.11 | 10 | 2.2(1)(2)(3),2.3, 2.4,2.5,2.6, 3.1,3.2,3.3, |
| 2008-09 | LFI-11/949/2011 തീ.01.12.11/06.01.2012 | | 2.1,2.2,2.3,2.4,2.5,2.6, 2.7,2.8, 3.1, 3.2,3.3,3.4,3.5,3.6,3.7, |

| | | | |
|---|---|---|---|
| 2009-10 | LFI-11/950/2011<br>തീ. 02.02.2012 | 21 | 2.1,2.2,2.3(A,B,C), 2.4, 2.5, 2.6,2.7, 3.1,<br>3.2,3.3,3.4,3.5,<br>3.6(A,B,C),3.7,3.8,<br>3.9, 3.10, |
| 2010-11 | LFI-11/989/2013<br>തീ. 07.03.15 | 23 | 2.1,2.2,2.3, 3.1,3.2,3.3,<br>3.4,3.5,3.6,3.7,(1,2,3)3.8,3.9,3.10,3.11,<br>3.12,3.13, 3. 14, 3.15,<br>3.16,3.17,3.18 |
| 2011-12 | LFI-11/800/13<br>തീ.03.12.13/25.02.14 | 15 | 2.1(A)(B)(C)(D),2.2,2.3,<br>2.5 3.1,3.2,<br>3.3,3.4,3.5,3.6,3.7,3.8, |
| 2012-13 | LFI-11/398/14<br>തീ. 31.05.2014 | 12 | 2.1,2.2, 3.1,3.2,3.3,3.4,<br>3.5,3.6,3.7, 3.8,3.9,3.10 |
| 2013-14 | KSA-IDK-11/208/16<br>തീ. 23.06.16 | 23 | 2.1,2.2,2.3,2.4,2.5,2.6, 3.1,<br>3.2,3.3,3.4, 3.5,3.6,3.7, 3.8,3.9,3.10,3.11,<br>3.12,3.13,<br>3.14,3.15,3.16,3.17 |
| 2014-15 | KSA-IDK-11/1629/16/<br>തീ. 04.02.17 | 13 | 2.1,2.2,2.3, 3.2(A,B), 3.3,3.4,3.5,3.6,3.8, 3.9,<br>3.11,3.12 |
| 2015-16 | KSA-IDK-11/479/17<br>തീ. 17.04.17 | 14 | 2.1, 2.2, 2.3, 2.4, 3.1,<br>3.2, 3.3, 3.4, 3.5, 3.6, |

| | | | |
|---|---|---|---|
| | | | 3.7, 3.8, 3.10, 3.11, |
| 2016-17 | KSA-IDK-11/1321/17/ തീ.02.11.17 | 11 | 2.1, 2.2, 2.3, 2.4, 3.1, 3.2,3.3, 3.4, 3.5, 3.6, 3.7, |
| 2017-18 | KSA-IDK-11/57/2019 | 19 | 2-1, 2-2, 2-3, 3-1,3-2, 3-3 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11,3-12, 3-13, 3-14, 3-15, 3-16 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

## **അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം**

നം.കെ.എസ്.എ-ഐ.ഡി.കെ-11/1084/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി,
തൊടുപുഴ, തീയതി : 03.01.2020

ഫോൺ നം. 04862 227332
ഇ-മെയിൽ : doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കൊന്നത്തടി ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

Annexure – 1

## AUDIT CERTIFICATE

No.KSA-IDK-11/1084/2019

Kerala State Audit Department
District Audit Office, Idukki
Thodupuzha-685 584
Phone : 04862-227332
E-mail : doidk.ksad@kerala.gov.in
Date:03.01.2020

Certified that I have audited the Annual Financial Statement of **KONNATHADY** Grama Panchayat in **Idukki** District for the year ended on **31.03.2019** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the Govt. Order (Rt.)1413/ 2018/LSGD dated 22.05.2018, and the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of **KONNATHADY** Grama Panchayat for the **2018-19,** except the observations in my Audit Report properly presents the picture of Income and Expenditure.

**DEPUTY DIRECTOR**
**IDUKKI**